# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ചെറുപുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## കണ്ണൂർ
## 670001

**ഇ-മെയിൽ: doknr.ksad@kerala.gov.in**

**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി1-1161/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

തീയ്യതി: 09/11/2021

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുപുഴ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും

അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./
സി1-1161/2021

തീയ്യതി: 09/11/2021

# കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-01-2020 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും

നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സാബു പി എസ് | ഡെപ്യൂട്ടി ഡയറക്ടർ | 28-09-2021 | 20-10-2021 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 28-09-2021 | 20-10-2021 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സിന്ധു. ടി. പി. ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
സബിത.കെ. , ഓഡിറ്റർ
പ്രമോദ്.കെ, ഓഡിറ്റർ
അനു അബ്രഹാം., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജമീല എം പി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി കൗസല്യ എസ് എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 09-12-2019 |

| | | | |
|---|---|---|---|
| ശ്രീ പ്രമോദ് ഡി എൻ | സെക്രട്ടറി | 10-12-2019 | 31-03-2020 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീ ( |
|---|---|---|---|
| ശ്രീമതി.റജീന എ. | കൃഷി ഓഫീസർ | 01-04-2019 | 3 |
| ഡോ.വിശ്വലക്ഷ്മി.എൽ | വെറ്റിനറി സർജൻ | 01-04-2019 | 3 |
| ശ്രീമതി.കൗസല്യ. എസ് എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 1 |
| ശ്രീ നിഷാദ്. എസ് | അസിസ്റ്റന്റ് സെക്രട്ടറി | 18-12-2019 | 3 |
| ശ്രീ വാമനൻ പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 1 |
| ശ്രീ ഫിറോസ് എ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 11-04-2019 | 3 |
| ഡോ.അഭിലാഷ്.എ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2019 | 3 |
| ഡോ.നീമ.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 1 |
| ഡോ.നീമ.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 09-11-2019 | 3 |
| ശ്രീ സുനിൽ കുമാർ | വി ഇ ഒ ,പുളിങ്ങോം സർക്കിൾ | 01-04-2019 | 1 |
| ശ്രീ സുരേന്ദ്രൻ പി വി | വി ഇ ഒ പുളിങ്ങോം സർക്കിൾ | 22-07-2019 | 2 |
| ശ്രീ അരുൺ കുമാർ എം | വി ഇ ഒ പുളിങ്ങോം സർക്കിൾ | 25-10-2019 | 2 |
| ശ്രീമതി ബബിത എ വി | വി ഇ ഒ പുളിങ്ങോം സർക്കിൾ | 27-02-2020 | 3 |
| ശ്രീ റിതുൽ രാജ് | എസ് ഐ ഫിഷറീസ് | 01-04-2019 | 3 |

| | | | |
|---|---|---|---|
| ശ്രീ ധനഞ്ജയൻ കെ | ഹെഡ് മാസ്റ്റർ | 01-04-2019 | 0 |
| ശ്രീ ഉണ്ണിക്കണ്ണൻ വി | ഹെഡ് മാസ്റ്റർ | 06-06-2019 | 3 |
| ശ്രീമതി സതി സി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 3 |
| ശ്രീമതി പ്രീതി പി | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 3 |
| ഡോ.സിമി.എം.പി. | മെഡിക്കൽ ഓഫീസർ (ഹോമിയോ ) | 11-08-2019 | 0 |
| ശ്രീമതി.ശ്രീലത | വി.ഇ.ഒ,വയക്കര സർക്കിൾ | 01-04-2019 | 3 |

അസിസ്റ്റന്റ് സെക്രട്ടറി 13.12.19 മുതൽ 17.12.19 വരെ ഒഴിവ് വി ഇ ഒ പുളിങ്ങോം 16.07.19 മുതൽ 21.07.19 വരെയും ,23.10.19 ,24.10.19 തീയതികളിലും ഒഴിവ്.

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 3 | വാർഷികധനകാര്യപത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | വികസന ഫണ്ട് -ജനറൽ- ചെലവു രേഖപ്പെടുത്തിയതിലെ അപാകങ്ങൾ | 1-4-1 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | പാണ്ടിക്കടവ് - മുളപ്ര റോഡ് കോൺക്രീറ്റ്- മുഴുവൻ സാധനങ്ങളും സപ്ലൈ ചെയ്യാതെ കരാർ ലംഘനം നടത്തിയ വെണ്ടർക്കെതിരെ നടപടികൾ സ്വീകരിക്കാത്തത് -ലികിഡേറ്റഡ് ഡാമേജസ് ഇനത്തിൽ 36722രൂപ ഈടാക്കേണ്ടതാണ് | 1-6-1 |
| 9 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി- രേഖകളുടെ സൂക്ഷിപ്പ് | 1-6-2 |
| 10 | സാധനങ്ങളുടെ വാങ്ങൽ നടപടികൾ- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല | 1-6-3 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | ഗ്രാമസഭകൾ, വർക്കിംഗ് ഗ്രൂപ്പ് -അവലോകനം | 1-10 |
| 16 | രജിസ്റ്റർ സൂക്ഷിപ്പ് | 1-11 |
| 17 | തനതു വരുമാന വർധനവിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 1-12 |
| 18 | റോഡ് റിസ്റ്റൊറേഷൻ ഫീസ്- ഫയൽ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല | 1-13 |

| | | |
|---|---|---|
| 19 | കുടിശ്ശിക ഡി എ ക്ക് ആനുപാതികമായി പങ്കാളിത്ത പെൻഷൻ വിഹിതം ഒടുക്കിയില്ല | 1-14 |
| 20 | ഐ.കെ.എം- ന് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-15 |
| 21 | പദ്ധതി രൂപീകരണം,നിർവ്വഹണം,മോണിറ്ററിംഗ്-പ്രിന്ററിംഗ് ചാർജ്ജിനത്തിൽ ₹ 2700 അധികം അനുവദിച്ചു-തുക തിരിച്ചടക്കേണ്ടതാണ് | 1-16 |
| 22 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-17 |
| 23 | വനിതാ ഘടക പദ്ധതിയുടെ ഭാഗമായ പരിശീലന പരിപാടിയിൽ പങ്കെടുത്തവരിൽ ഭൂരിഭാഗവും പുരുഷൻമാർ | 1-18 |
| 24 | സമഗ്ര ക്യാൻസർ നിയന്ത്രണ പദ്ധതി-രേഖകൾ ഹാജരാക്കാത്തത് - 25000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. | 1-19 |
| 25 | വനിതകൾക്ക് പെണ്ണാട് വിതരണം (പട്ടികജാതി ) ചെലവ് സംബന്ധിച്ച മുഴുവൻ രേഖകളും ഹാജരാക്കാത്തതും മറ്റ് അപാകങ്ങളും - 45000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. | 1-20 |
| 26 | എസ് എസ് എ -തുക വിനിയോഗിക്കപ്പെടുന്നതിന് മുമ്പ് വിനിയോഗ സാക്ഷ്യപത്രം നല്കി | 1-21 |
| 27 | പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-22 |
| 28 | വിതരണ രേഖകൾ ഹാജരാക്കിയില്ല -213180 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 29 | ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനു മുകളിൽ സോളാർ പവർപ്ലാന്റുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-24 |

## ഭാഗം 2

--- No Records Found ---

| ഭാഗം 3 | | |
|---|---|---|
| 1 | പദ്ധതി രൂപീകരണം,നിർവ്വഹണം,മോണിറ്ററിംഗ്-പ്രിന്ററിംഗ് ചാർജ്ജിനത്തിൽ ₹ 2700 അധികം അനുവദിച്ചു-തുക തിരിച്ചടക്കേണ്ടതാണ് | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് സർച്ചാർജ്ജ് നടപടികളുടെ വിവരങ്ങൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 26.02.19 31/19 തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 26.03.2020ലെ 68/20 നമ പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1,50,06,031 | 1,96,40,737 |
| വരവ് | 37,83,31,433 | 31,64,43,929 |
| ആകെ | 39,33,37,464 | 33,60,84,666 |
| ചെലവ് | 37,45,41,658 | 33,36,24,717 |
| നീക്കിയിരിപ്പ് | 1,87,95,806 | 24,59,949 |

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പാസാക്കി നല്കുന്ന ബജ അവതരിപ്പിക്കുകയും അടുത്ത മീറ്റിംഗിൽ അംഗീകരിക്കുകയുമാണ് ചർച്ചകൾ മിനുട്ട്സ് ചെയ്യപ്പെട്ടിട്ടില്ല. ജന്റർ ബജറ്റും പെർഫോമ തയ്യാറാക്കിയിട്ടില്ല.

ഘടക സ്ഥാപനങ്ങളുടെ നോൺ പ്ലാൻ ഹെഡിനത്തിലുള്ള ബജറ്റ് സ്വീകരിച്ച് ക്രോഡീകരിച്ചതായി മിനുട്ട്സ് ചെയ്യപ്പെട്ടിട്ടില്ല. ബജറ്റ് ഫയ സൂക്ഷിക്കേണ്ടതും ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊ സമയപരിധിക്കകം വിവിധ നടപടിക്രമങ്ങളിലൂടെ കടന്നു ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങ

1. ആസ്തി/ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതിനാൽ ബി 11, ആർ ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പര കഴിഞ്ഞിട്ടില്ല. മുൻ വർഷത്തെ ബി 11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തി ഓഡിറ്റ് വർഷത്തെ ആർ പി 38 പ്രകാരമുള്ള പുതിയ ആസ്തികളുടെ മൂ തൻവർഷത്തെ ബി 11 പ്രകാരമുള്ള മൂല്യം ലഭിക്കുന്നില്ല. (ഉദാ: ബിൽ റോഡ്സ് -ടാർഡ്). ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് ഫർണ്ണിച്ചർ വാ ചെലവഴിച്ച തുക (₹23,00,259) ആർ പി 38 ൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ഭൂജല വകുപ്പിൽ 2018-19 സാമ്പത്തിക വർഷം ഒടുക്കിയതിൽ വിനി
അവശേഷിച്ച 299563രൂപയും അനർട്ടിന് സോളാർ പവർപ്ലാന്റ് സ്ഥാപി
ഡെപ്പോസിറ്റ് ചെയ്തതിൽ വിനിയോഗിച്ച ശേഷം ബാക്കിയായ 3561/- രൂ
ലഭിച്ചത് (വികസന ഫണ്ട്) സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചിട്ടില്ല.
തുക ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്താത്തതും അപാകമാണ്.

3. ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നി
തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ അപ്രോപ്രിയേഷൻ
രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി
സാക്ഷ്യപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തലുകൾ അ
അതുകൊണ്ടുതന്നെ വാർഷിക ധനകാര്യ പത്രികയിൽ ഇ
രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4. വാർഷിക ധനകാര്യ പത്രികയിലെ ബി 4 ഷെഡ്യൂൾ പ്രകാരം നീ
കാണിച്ച വിവിധ ഗ്രാന്റിനങ്ങൾ യഥാസമയം വിനിയോഗിച്ചിട്ടില്ല.
പദ്ധതിയായി തുടരുന്നതു കൊണ്ടാണ് തുക തിരിച്ചടക്കാത്തതെന്നാ
ലഭ്യമാകുന്ന തുക അതാത് ആവശ്യങ്ങൾക്ക് സമയ
ഉപയോഗപ്പെടുത്താത്തത് അപാകമാണ്.

5. 2019-20 ൽ പൂർത്തീകരിച്ചതും ബിൽ തുക നല്കാൻ സാധി
പദ്ധതികളുമായി ബന്ധപ്പെട്ട ക്യൂബിൽ തുക (₹1,88,99,770) ബാല
ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

6. തൊഴിൽ നികുതി-ട്രേഡേഴ്സ് - ഡിമാന്റ് രജിസ്റ്ററിലെ തുകയും വാർഷ
പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല. അഡ്വാൻസ്
രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമ
ഹാജരാക്കിയിട്ടില്ല.

| ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് | ഐ-6 ഷെഡ്യൂൾ പ്രകാരം ഡിമാന്റ് |
|---|---|
| 5,39,750 | 11,02,950 |

7. സംയുക്ത പദ്ധതികൾക്കായി മുൻവർഷങ്ങളിൽ ലഭിച്ചതും
വിനിയോഗിക്കാതെ അവശേഷിക്കുന്നതുമായ തുക സംയുക്തപദ്ധതി
ട്രഷറി അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നു. പദ്ധതി മാ
നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് സമയബന്ധിതമായി തുക ചെല
തിരിച്ചടക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകമാണ്.

8. അദർ ഫിനാൻസ് എക്സ്പെൻസസ് എന്ന ഹെഡിൽ (ആർ പി
രേഖപ്പെടുത്തിയ 9,05,198രൂ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും എ
വിഭാഗത്തിന്റെ ശമ്പളം ഇനത്തിലുള്ള തുക സർക്കാരിലേക്ക് തിരിച്ച
ഹെഡ് മാറി രേഖപ്പെടുത്തലുകൾ വരുത്തിയത് ശരിയല്ല.

9. ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ക്രമപ്രകാരമല്ല. ഹെ
വിവരങ്ങൾ രേഖപ്പെടുത്താതെ വിവരങ്ങൾ തുടർച്ചയായി രേഖപ്പെ
ചെയ്തത്. ആയത് വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വി
പൊരുത്തപ്പെടുത്തിയിട്ടില്ല. 2001 മുതലുള്ള ഡെപ്പോസിറ്റുകൾ ക്ര

അവശേഷിക്കുന്നതായി പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ട ഡെപ്പോസിറ്റ് പഞ്ചായത്തു ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള സ്വീകരിച്ചിട്ടില്ല.

10. ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കു ഷെഡ്യൂൾ-₹568190) ഏത് പദ്ധതിക്കു വേണ്ടി ശേഖ വ്യക്തമാക്കപ്പെട്ടിട്ടില്ല . ഗുണഭോക്തൃവിഹിതം വിനിയോഗിക്കാതിരുന്നത് ശരിയല്ല.

11. ബി-9 ഷെഡ്യൂളിൽ അദർ ലയബിലിറ്റീസ് ഇനത്തിൽ ചേർത്ത ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.
12.ദുരിതാശ്വാസ നിധി – ബി 2 ഷെഡ്യൂളിൽ 10330/- രൂപയും ആർ പ 7230/- രൂപയുമാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്. 3100 വ്യത്യാസമുണ്ട്.
13. ചെക്ക് നമ്പർ 945821/03.05.19 പ്രകാരം സെക്രട്ടറിയുടെ എസ് ബി ഐ അക്കൗണ്ടിൽ നിന്ന് , ലൈഫ് ഭവന പദ്ധതിക്കായി വി ഇ ഒ യ്ക്ക് നല്കിയ (₹6,50,000-ജനറൽ പ്രോജക്ട് നമ്പർ 75/20, ₹5,10,000- എസ് ടി പ്രോജക് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. സുലേഖ ചെലവു പത്രിക ചെലവ് വന്നിട്ടില്ല.
14. കെ യു ആർ ഡി എഫ് സി യിൽ നിന്നും 1,31,40,000/- രൂപ വായ്പ 1,18,62,955/- രൂപയാണ് 2018-19,19-20 സാമ്പത്തിക വർഷങ്ങളിലായി ന കൈമാറിയിട്ടുള്ളത്. ബാക്കി തുകയായ 12,77,045/- രൂപയുടെ സംബന്ധിച്ച വിവരങ്ങൾ വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എസ് ബി ഐ തനത് ഫണ്ട് അക്കൗണ്ടിലാണ് വായ്പ തുക ക്രെഡിറ്റ് ചെയ്ത വിനിയോഗം നിരീക്ഷിക്കുന്നതിനാവശ്യമായ രേഖകൾ തയ്യാറാക്കേണ്ട
15. അംഗൻവാടി ജീവനക്കാരുടെ 2018-19 സാമ്പത്തിക വർഷത്തെ ഓ ഇനത്തിൽ വികസന ഫണ്ടിൽ (ജനറൽ) നിന്നും കുറവു ചെയ്ത 766500/- ര ഉൾപ്പെടുത്തിയിട്ടില്ല. വികസനഫണ്ട് ജനറൽ ഇനത്തിൽ ഐ 6 സുലേഖ ചെലവു പത്രികയിലും അപ്രോപ്രിയേഷൻ കൺട്രോൾ രജി ചെലവുകൾ ചുവടെ ചേർക്കുന്നു.

| ഐ 6 ഷെഡ്യൂൾ പ്രകാരം വരവ്/ചെലവ് | സുലേഖ ചെലവു പത്രിക പ്രകാരം ചെലവ് | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവ് |
|---|---|---|
| 1,91,10,393 | 1,86,10,393 | 1,77,13,334 |

അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം ഇനത്തിൽ 2019-20 ലേക രൂപ വീതം ഒടുക്കാൻ ഗ്രാന്റ് അനുവദിച്ചു കൊണ്ടുള്ള ഉ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇതിനായി 2019-20 സാമ്പത്തിക വ തയ്യാറാക്കിയിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ 2/19-20, 30.09.21)

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 15.06.2020 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ *02.06.2020* ലെ *91/2020* നറ
പ്രകാരമാണ് *2019-20* സാമ്പത്തിക വർഷത്തെ വാർഷിക ധനക
അംഗീകരിച്ചത്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ്

| | |
|---|---|
| മുന്നിരിപ്പ് | 4,98,97,007.23 |
| വരവ് | 8,65,18,166 |
| ആകെ | 13,64,15,173.23 |
| ചെലവ് | 9,53,04,873 |
| നീക്കിയിരിപ്പ് | 4,11,10,300.23 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹2,700 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹2,83,180 |

## 1-4-1 വികസന ഫണ്ട് -ജനറൽ- ചെലവു രേഖപ്പെടുത്ത അപാകങ്ങൾ

താഴെ പറയുന്ന ഉത്തരവുകൾ പ്രകാരമാണ് ഗ്രാമപഞ്ചായത്തിന് വ
അനുവദിച്ചിട്ടുള്ളത്.

| | ഉത്തരവ് നമ്പർ തീയതി | അനുവദിച്ച തുക | സ്രോതസ്സിൽ നിന്ന് കുറവു ചെയ്തത് | അറ്റതുക | റി |
|---|---|---|---|---|---|
| 1 | Go(Rt)2772/19/Fin, 03.04.19 | 8374000 | -- | 8374000 | -- |

| | | | | | |
|---|---|---|---|---|---|
| 2 | Go(Rt)6105/19/Fin, 01.08.19 | 8374000 | 448529 (കെ.യു.ആർ.ഡി. എഫ്.സി ലോൺ തിരിച്ചടവ്) | 7925471 | അംഗൻവാ ജീവനക്കാര 20ലെ ഹേ ഇനത്തിൽ ഒടുക്കു ഉത്തരവിൽ നിർദ്ദേശിച്ച ആയത് ചെ |
| 3 | Go(Rt)10050/19/Fin, 21.12.19 | 8374000 | ₹766500 (അംഗൻവാടി ജീവനക്കാരുടെ 2018-19ലെ ഹോണറേറിയം) ₹448530 (കെ യു ആർ ഡി എഫ് സി ലോൺ തിരിച്ചടവ്) | 7158970 | അംഗൻവാ ജീവനക്കാര 20ലെ ഹേ ഇനത്തിൽ ഒടുക്കു ഉത്തരവിൽ നിർദ്ദേശിച്ച ആയത് ചെ |
| | ആകെ | 25122000 | | 23458441 | |

ക്രമനമ്പർ 3 ലെ ഉത്തരവിൽ അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം ഇനത്തിൽ 766500/- രൂപ കുറവു വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഇതേ ആവശ്യത്തിനായി 2019-2 തയ്യാറാക്കിയിട്ടുണ്ട് (പ്രോജക്ട് നമ്പർ 295/20). പ്രസ്തുത പദ്ധതിയിൽ വികസന ഫണ്ട് ജനറലും 266500/- രൂപ തനതു ഫണ്ടും വകയിരുത്തുകയ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വികസന ഫണ്ടിനത്തിൽ ചെലവു വന ഐ-6 ഷെഡ്യൂളിൽ വികസന ഫണ്ട് ജനറൽ വരവായി ചേർത്ത തുകയും ഉൾപ്പെടുന്നുണ്ട്.

2019-20 സാമ്പത്തിക വർഷം ഓണറേറിയം ഇനത്തിൽ അടവാക്കേ ഒടുക്കു വരുത്തേണ്ടതും 2018-19 സാമ്പത്തിക വർഷം അധികമായി ക്രമീകരിക്കേണ്ടതുമാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ക്യൂബിൽ | നീക്ക യിരി (ക്യൂബ ഉൾ പ്പെ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,51,22,000 (സ്രോതസ്സിൽ നിന്ന് കുറവു ചെയ്ത തുക ഉൾപ്പെടെ) | 2,51,22,000 | 1,93,76,893 (സ്രോതസ്സിൽ നിന്ന് കുറവു ചെയ്ത തുക ഉൾപ്പെടെ) | 34,85,600 | 57,45 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2039000 | 2039000 | 1697600 | 223813 | 34 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 3505000 | 3505000 | 2173729 | 495780 | 133 |
| മെയിന്റനൻസ്, റോഡ് | 0 | 14414000 | 14414000 | 5818979 | 6929325 | 859 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 7231000 | 7231000 | 4033143 | .. | 319 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 16446054 | 16446054 | 7868975 | 7765252 | 857 |
| സാക്ഷരത | 35600.96 | 1207 | 36807.96 | 0 | .. | 3680 |
| ദുരിതാശ്വാസ നിധി | 6952 | 278 | 7230 | 0 | .. | 7230 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 488500 | 616500 | 1105000 | 492000 | .. | 61 |
| എം.പി.എൽ.എ.ഡി | 14075 | 483 | 14558 | 53 | .. | 1 |
| മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള പ്രത്യേകോ | 232987 | 5807956 | 6040943 | 5240352 | .. | 80 |

| | | | | | | |
|---|---|---|---|---|---|---|
| ദ്ദേശ്യ ഗ്രാന്റുകൾ | | | | | | |
| ടി എസ് സി | 100314 | 0 | 100314 | 0 | .. | 10 |
| ഡബ്ല്യു ജി ഡി പി | 44557 | 1535 | 46092 | 0 | .. | 4 |
| ഐ സി ഡിഎസ്-കേന്ദ്ര വിഹിതം | 1757128 | 1018989 | 2776117 | 20,55,254 | .. | 72 |
| പൈക്ക | 76426 | 2630 | 79056 | 0 | .. | 7 |
| കാനം വയൽ സാംസ്കാരിക നിലയം | 37,00,000 | 0 | 37,00,000 | 1440859 | .. | 225 |
| കാനം വയൽ പാലം നിർമ്മാണം-കോർപ്പസ് ഫണ്ട് | റെക്ടിഫിക്കേഷൻ ജേണൽ എൻട്രി ചെയ്ത് ഉൾപ്പെടുത്തിയത്-2014-15-ൽ ലഭിച്ച തുക 1.5കോടി. ചെലവ് 21,92,778/- രൂപ | | | | .. | 1,28,07,2 |
| എംഎൻ ആർഇ.ജിഎസ് -100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയവർക്കുള്ള ബോണസ് | 0 | 444000 | 444000 | 444000 | 0 | |
| ജലനിധി | 177966 | 494423 | 672389 | 672357(***) | 0 | |
| മറ്റ് പ്രത്യേക അവാർഡുകൾ | 100000 | 0 | 100000 | 0 | .. | 10 |

മറ്റ് ഗ്രാന്റിനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷ രജിസ്റ്റർ യഥാവിധി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വരവു ചെലവുകള പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല

ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ് മെന്റ് ഹാജരാക്കിയിട്ടുണ്ടെങ്കില വരവുചെലവുകളുമായി പൊരുത്തപ്പെടുന്നില്ല.

(**) ബി 2 ഷെഡ്യൂളിൽ 10330/- രൂപയാണ് നീക്കിയിരിപ്പായി ചേർത്തിട്ടുള്ളത്.

(***) ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ
ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളു എണ്ണം |
|---|---|---|---|---|---|---|
| 270 | 138478419 | 169 | 75929070 | 87 | 101 | 82 |

(*)ക്യൂബില്ലിൽ ഉൾപ്പെട്ട പദ്ധതികൾ നടപ്പാക്കാത്തവയിലാണ് ഉൾപ്പെടു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ശ |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 4520790 | 4383790 | 96 |
| വെറ്റിനറി സർജൻ | 9 | 9 | 5332002 | 4543523 | 85 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 7 | 7 | 2791430 | 2780823 | 99 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 500000 | 500000 | 10 |
| വി ഇ ഒ | 15 | 14 | 21286958 | 10697875 | 50 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 4 | 6591339 | 4753083 | 72 |
| സെക്രട്ടറി | 25 | 20 | 9939056 | 7716669 | 77 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 187 | 98 | 81818733 | 35692456 | 43 |
| ഹെഡ്മാസ്റ്റർ | 5 | 4 | 1304195 | 1240395 | 95 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 7 | 2120376 | 1346916 | 63 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 2273540 | 2273540 | 10 |
| ആകെ | 270 | 169 | 138478419 | 75929070 | 54 |

# 1-6-1 പാണ്ടിക്കടവ് - മുളപ്ര റോഡ് കോൺക്രീറ്റ്- മുഴു സാധനങ്ങളും സപ്ലൈ ചെയ്യാതെ കരാർ ലംഘനം നട

# വെണ്ടർക്കെതിരെ നടപടികൾ സ്വീകരിക്കാത്തത് -ലിക്വിഡേറ്റഡ് ഡാമേജസ് ഇനത്തിൽ 36722രൂപ ഈടാക്കേണ്ടതാണ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമാ പാണ്ടിക്കടവ്- മുളപ്ര റോഡിൽ 535 മീറ്റർ കോൺക്രീറ്റ് ചെ തയ്യാറാക്കിയ പ്രസ്തുത പദ്ധതിയിൽ സാധനങ്ങൾ വിതരണം ചെ കരാറിലേർപ്പെട്ടത് ശ്രീ.വി.പി.സെബാസ്റ്റ്യൻ എന്ന വ്യക്തിയുമായ കൃത്യമായി സാധനങ്ങൾ വിതരണം ചെയ്യാത്തതിനാൽ പ്രവൃത്തി പൂ കഴിഞ്ഞിട്ടില്ലെന്നും ചെയ്തതു വരെയുള്ള മൂല്യനിർണ്ണയം നടത്തി കരാ നല്കാനും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.07.19 ലെ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 326.5 മീറ്റർ റോഡ് പ്രവൃത്ത പൂർത്തിയാക്കാൻ കഴിഞ്ഞത്.

കരാർ വ്യവസ്ഥകളിൽ “If The Contractor Fails To Deliver All Or Any Of The Stor Service Within The Time Period Specified In The Contract , The Purchasor Shall Not With Other Remedies Under Contract , Deduct From The Contractor Price As Liquidated Damage To 0.5% Of The Delivered Price Of Delayed Stores For Each Week Of Delay Until A Performance Upto A Maximum Deduction Of 10% Of The Contract Prices Of The Delay വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 14,89,027/- രൂപയുടെ സാധനങ്ങ ചെയ്യേണ്ട സ്ഥാനത്ത് 11,21,811/- രൂപയുടെ സാധനങ്ങൾ മാത്രമാ ചെയ്തിട്ടുള്ളത്. വിതരണം ചെയ്യാതെ അവശേഷിക്കുന്ന സാധനങ്ങളു 1489027-1121811=367216 യുടെ 10% ആയ 36722/- രൂപ ലിക്വിഡേറ്റഡ് ഡാമേ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/7.10.21 ന് 30.07.19 ലെ 153/19 നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുപയോഗപ്പെടുത്തി പ്രവൃത്തി ചെയ്യുന്നതിനാലാണ് ബാ ഉപേക്ഷിച്ചതെന്നാണ് അറിയിച്ചത്. ആയത് ശരിയല്ല. ബ്ലോക്ക് ഫണ് തീരുമാനം എടുത്തത് 24.01.2020ലെ ഭരണസമിതി യോഗത്തി മറുപടിയിൽ സൂചിപ്പിച്ച തീയതിയിൽ കരാറുകാരൻ സാധനങ്ങ ചെയ്യാൻ വീഴ്ച്ച വരുത്തിയിട്ടുള്ളതിനാലാണ് പ്രവൃത്തി പൂ കഴിയാത്തതെന്നും ചെയ്തതു വരെയുള്ള പ്രവൃത്തിക്ക് പാർട്ട് അക്രഡിറ്റഡ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു തീരുമാനമെടുത്തിട്ടുള്ളത്.

## ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടാത്ത

24.01.2020 ലെ 10/2020(3) നമ്പർ തീരുമാനത്തിൽ എം എൽ എ യുടെ അ പദ്ധതിയിൽ പെടുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത പ്രവൃത്തി ഏ രേഖപ്പെടുത്തിയിട്ടുണ്ട്. എം എൽ എ ഫണ്ടുപയോഗിച്ച് ഏത് റീച്ചില ചെയ്തത് എന്നതു സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ റോഡിൽ തന്നെ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലായി എഞ്ചിനീയറുടെ പദ്ധതികളിൽ ഉൾപ്പെടുത്തി മെയിന്റനൻസ് പ്ര ചെയ്തിട്ടുണ്ട്. ആസ്തി രജിസ്റ്ററിൽ 1.24കി മീ ആണ് റോഡിന്റെ ആകെ ലത്തും ടാർ ചെയ്തതായാണ് ആയതിൽ രേഖപ്പെടുത്തിയിട്ടുള്ളത്

പോർഷൻ ഉൾപ്പെട്ടതായി ആസ്തി രജിസ്റ്ററിൽ കാണിച്ചിട്ടില്ല. മൺപ പ്രവൃത്തികൾ ഉൾപ്പെടുത്തിയാണ് ഈ പ്രവൃത്തിയുടെ തയ്യാറാക്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച അന്വേഷണം നട ലഭ്യമാക്കേണ്ടതിലേക്കായി വിഷയം വികസന കാര്യ സ്റ്റാൻഡിംഗ് പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

മാത്രമല്ല, കരാറുകാരന്റെ ബില്ലുകളിൽ നിന്നും 2% ജി എസ് ടി സ്രോത കുറവു ചെയ്യാത്തതും അപാകമാണ്.

## 1-6-2 ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി- രേഖക സൂക്ഷിപ്പ്

ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിട്ടുള അപൂർണ്ണമാണ്. മെറ്റീരിയൽ പ്രവൃത്തികളുടെ ഫയലുകളി പ്രവൃത്തിയുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഉൾപ്പെടുത്തിയിട്ടി വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിക്കുന്നതിന്റെയും തെര കരാറുകാരനുമായി കരാർ ചമച്ചതിന്റെയും വിവരങ്ങൾ ഫ രേഖപ്പെടുത്തലുകൾ ഇല്ലാത്ത മുദ്രപ്പത്രങ്ങൾ പ്രത്യേകമായി ഫയൽ ചെയ്യുന്നത്. കരാർ വ്യവസ്ഥകൾ എഴുതിച്ചേർക്കാതെയും സെക്രട്ടറിയും ഒപ്പു വെക്കാതെയും സൂക്ഷിച്ച മുദ്രപ്പത്രങ്ങൾ പോലും മാത്രം രേഖകൾ സൂക്ഷിക്കുന്ന ഈ പ്രവണത കർശനമായും ഒഴിവാക്കേ

സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിനാ വീതമാണ് നല്കി വരുന്നത്. ബോർഡ് സ്ഥാപിക്കുന്നതുമായി ബന്ധ തയ്യാറാക്കുകയോ ബോർഡ് സ്ഥാപിക്കുന്ന വിഷയം സാധനങ്ങളു ഉൾപ്പെടുത്തുകയോ ബോർഡിന്റെ സ്പെസിഫിക്കേഷൻ വ്യക ചെയ്തിട്ടില്ല.

സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഫയലുകളിൽ ഇതു സംബന്ധിച്ച രേഖപ്പെടുത്ത

പ്രവൃത്തി തുടങ്ങുന്നതിനു മുമ്പും പ്രവൃത്തി നടന്നു കൊണ്ടി അവസാനിച്ച ശേഷവും ഉള്ള സൈറ്റുകളുടെ ഫോട്ടോകൾ ഭാഗമാക്കിയിട്ടില്ല.

## 1-6-3 സാധനങ്ങളുടെ വാങ്ങൽ നടപടികൾ- സർക്കാ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല

### സാധനങ്ങളുടെ ആവശ്യകത നിർണ്ണയിച്ച് ഒരുമിച്ച് ടെണ്ടർ ചെയ്ത

തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 31.03.2012 ലെ സഉ(കൈ)284/12/എ ഉത്തരവു പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് തദ്ദേശ സ്ഥാപനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു ഭാഗമായുള്ള വാങ്ങലുകൾ നടത്തേണ്ടത്. പ്രസ്തുത ഉത്തരവിൽ പ്രൊക്യുർമെന്റ് പ്ലാനിന്റെ അടിസ്ഥാനത്തിലായിരിക്കണം നടപടികളിലേക്ക് കടക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ ഗ്രാമപഞ്ചായത്തിൽ ഓരോ പ്രവൃത്തിക്കും പ്രത്യേകമായി ടെണ്ടർ ക്ഷ

പ്രത്യേകം പ്രത്യേകം കരാറുകാരെ നിശ്ചയിക്കുകയുമാണ് ചെയ്തിട്ടു കൂടുതൽ അളവിൽ സാധനങ്ങൾ വാങ്ങുമ്പോൾ കിട്ടാ ലഭിക്കാതിരിക്കാൻ കാരണമാകുന്നുണ്ട്. ഒരേ തീയതിയിലെ പ്രൊക്യൂ തീരുമാനത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികൾക്കാവശ്യമായ ന കാര്യത്തിൽ പോലും ഒരുമിച്ച് ടെണ്ടർ ക്ഷണിച്ചില്ല എന്നത് അപാകമാണ്. ഭാവിയിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധി

**സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവെടുക്കാതെ കരാറുകാർക്ക് തു**

സാധനങ്ങൾ സൈറ്റിൽ എത്തിക്കുന്ന മുറക്ക് അളവെടുക്കുന്നതി ചെയ്യുക എന്നത് വിതരണക്കാരുടെ ഉത്തരവാദിത്തമാണ്. എന ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഓരോ സൈറ്റി വിതരണ വിവരങ്ങൾ (പ്രതിദിന കണക്കുകൾ) മേറ്റുമാർ തയ്യാറാക്കി ഉൾപ്പെടുത്തിയിട്ടില്ല.

**ടെണ്ടർ ഫോറം -സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി നടത്തുന്ന ടെണ്ടർ ഫോറം വില്പനയുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്ത സെയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ ഫോറം വില ഫ്രണ്ട് അടക്കുകയാണ് ചെയ്യുന്നതെന്നാണ് ഇതിനു മറുപടിയായി അറിയിച്ചത്

**കരാറുകളിൽ വ്യവസ്ഥകൾ എഴുതിച്ചേർത്തിട്ടില്ല**

കരാർ വ്യവസ്ഥകൾ എഴുതിച്ചേർക്കാത്ത മുദ്രപ്പത്രങ്ങളാണ് ഹാജരാ വ്യവസ്ഥകൾ എഴുതിച്ചേർക്കാത്ത കരാറുകൾ ദുരുപയോഗം സാധ്യതയുണ്ട്.

മുഴുവൻ പ്രവൃത്തികളുടെയും മുദ്രപ്പത്രങ്ങൾ പ്രത്യേകം പ സൂക്ഷിക്കുകയാണ്. ഇതേ രീതിയിൽ തന്നെയാണ് ടെണ്ടർ സൂക്ഷിച്ചിട്ടുള്ളത്. അതാത് വർക്ക് ഫയലുകളിൽ ആയതുമായി ബന്ധ രേഖകളും സൂക്ഷിക്കേണ്ടതാണ്. ഒരുമിച്ച് ടെണ്ടർ ചെയ്യുന്ന സംഗതി പ്രത്യേകം ഫയൽ സൂക്ഷിച്ചാൽ മതിയാകും.

അപാകങ്ങൾ പരിഹരിക്കേണ്ടതും ഭാവിയിൽ ആവർത്തി ശ്രദ്ധിക്കേണ്ടതുമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 19,263 | 18,63,411 | 18,82,674 | 16,54,027 | 2,28,647 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 39241649 | 3,92,41,649 | 3,92,41,649 | 0 |
| ആകെ | 19263 | 4,11,05,060 | 4,11,24,323 | 4,08,95,676 | 2,28,647 |

സാധനങ്ങളുടെ വിലയിനത്തിൽ 45.65 ലക്ഷം രൂപയും വിദഗ്ധ/അ തൊഴിലാളികളുടെ കൂലിയിനത്തിൽ 76.95 ലക്ഷം രൂപയും കൈമാറിയ

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ
വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 71520 | 60 |
| കർഷകതൊഴിലാളി പെൻഷൻ | 4669200 | 774 |
| വിധവാപെൻഷൻ | 6353400 | 1031 |
| വാർദ്ധക്യകാലപെൻഷൻ | 15959100 | 2733 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 2292700 | 397 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾ ക്കുള്ള പെൻഷൻ | 314400 | 60 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാ
ബാലൻസ് പരിശോധന 28.09.2021 ന് സ്ഥാപന തലവന്റെ സ
നടത്തുകയുണ്ടായി. പരിശോധനയിൽ 10305/- രൂപ ക്യാഷ് ബാലൻസി
ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവുകളിലൂടെ ചുമതലാ വിഭജനം നടത്തുകയും
നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ടെങ്കിലും സെക്ഷനുകളുടെ പ്ര
കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തു പ്ര
നിരീക്ഷിക്കുന്നതിനാവശ്യമായ രജിസ്റ്ററുകളും രേഖകളും
സൂക്ഷിക്കാത്തത് പരിശോധനയ്ക്ക് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്.
സ്റ്റാഫ് മീറ്റിംഗ് ചേർന്ന് ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്ക

സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളു
പരിശോധന നടത്തുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരമുള്ള പ്ര
നിയോഗിച്ചിട്ടില്ല. അതുകൊണ്ടു തന്നെ മരണപ്പെട്ടശേഷവും ഗുണഭേ
അക്കൗണ്ടുകളിലേക്ക് പെൻഷൻ കൈമാറ്റം ചെയ്യപ്പെടാനും
അനർഹർക്ക് പെൻഷൻ വിതരണം ചെയ്യാനും ഇടയാകുന്നുണ്ട്.

ആസ്തി രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ യഥാസമയം
കാലികമാക്കാത്തതും ഗുരുതരമായ വീഴ്ച്ചയാണ്. പ്രസ്തു
അടിസ്ഥാനമാക്കി പദ്ധതികൾ തയ്യാറാക്കുമ്പോൾ ഓവർലാപ്പ

സാധ്യതയുണ്ട്.വിവിധ ഏജൻസികളിൽ നിന്നു ലഭ്യമാകുന്ന ഫ
വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വരവു 
ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-10 ഗ്രാമസഭകൾ, വർക്കിംഗ് ഗ്രൂപ്പ് -അവലോകനം

### ഗ്രാമസഭ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ 8/19,2/20 മാസങ്ങ
തീയതികളിലായി രണ്ടു തവണ വീതമാണ് ഗ്രാമസഭകൾ സമ്മേ
വാർഷിക പദ്ധതി രൂപീകരണ ചർച്ചകൾ, പദ്ധതി ഗുണ
തെരഞ്ഞെടുക്കൽ, ദുരന്ത നിവാരണ പദ്ധതി, ശുചിത്വം, ഹരിതകേ
പുതിയ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പേരു വിവരങ്ങൾ
ജലസംരക്ഷണ പ്രവർത്തനങ്ങൾ, ഓഡിറ്റ് റിപ്പോർട്ട്, ദേശീയ ഗ്രാമീണ
പദ്ധതി,ആരോഗ്യ ജാഗ്രത തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെ
നടന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമസഭാ മിനുട്സുകളിൽ അതാത് ഗ്രാമസഭകളിൽ പങ്കെടുത്ത 15
മിനുട്സ് സാക്ഷ്യപ്പെടുത്തിയിരിക്കണം എന്ന വ്യവസ്ഥ പാലിക്കപ്പെട്ടി
ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### വർക്കിംഗ് ഗ്രൂപ്പ്

13 വർക്കിംഗ് ഗ്രൂപ്പുകളാണ് രൂപീകരിച്ചിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകള്
പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകളാണ് നടക്കു
അവലോകനം, മോണിറ്ററിംഗ് എന്നീ ചുമതലകൾ നിർവ്വഹിക്കുന്ന
ശ്രദ്ധ ചെലുത്തിയിട്ടില്ല. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേ

## 1-11 രജിസ്റ്റർ സൂക്ഷിപ്പ്

### 1.ഡെപ്പോസിറ്റ് രജിസ്റ്റർ

ഓരോ ഇനം ഡെപ്പോസിറ്റുകളും വർഷം തിരിച്ച് രേഖപ്പെടുത്തി സംക
സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഒരു ക്രമവുമില്ലാതെ
കാലയളവുകളിൽ ലഭിച്ച ഡെപ്പോസിറ്റുകൾ രേഖപ്പെടുത്തി പേജ് തിര
തുകയാണ് സംക്ഷിപ്ത പട്ടികയിൽ എഴുതുന്നത്.

### 2.അഡ്വാൻസ് രജിസ്റ്റർ

മുൻകൂർ നല്കുന്നത് ക്രമമായി രേഖപ്പെടുത്തി മാസം തിരിച്ചുള്ള
വിവരങ്ങൾ വിവരണം സഹിതം രേഖപ്പെടുത്തുന്നില്ല. പല രേഖപ്പെ
പെൻസിൽ കൊണ്ട് ചേർത്തതാണ്. ലക്ഷക്കണക്ക
ക്രമീകരിക്കപ്പെട്ടിട്ടുണ്ടെന്ന് വാർഷിക ധനകാര്യ
രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ കൃത്യത പരിശോധി
സംവിധാനമില്ല.

### 3.അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ

വിവിധ ഏജൻസികളിൽ നിന്നും കേന്ദ്രസംസ്ഥാന സർക്കാരുകളിൽ ന
വർഷങ്ങളിലായി ലഭിച്ച തുകയുടെ വിനിയോഗം കൃത്യമായി 

സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തി
രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ആധികാരികമല്ല.

**4.വരവു രജിസ്റ്ററുകൾ**

വരവു രജിസ്റ്ററുകളും യഥാവിധി പരിപാലിച്ചിട്ടില്ല.

**5.ലോൺ രജിസ്റ്റർ**

പരിശോധനയ്ക്കായി ഹാജരാക്കിയ ലോൺ രജിസ്റ്റർ അപൂർണ്ണമാണ് സംബന്ധിച്ച മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതും കാലികമാക്കേണ്ടതുമാണ്.

കെയുആർഡി എഫ് സി ലോൺ വിനിയോഗം സംബന്ധിച്ച റ രേഖപ്പെടുത്താത്തതും അപാകമാണ്. ഗ്രാമപഞ്ചായത്തിന്റെ വരവുകൾക്കായുള്ള എസ് ബി ഐ ഓൺഫണ്ട് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിൽ മറ്റു വരവു ഉള്ളതിനാൽ ലോൺ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാകുന്ന

തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കും ആവശ്യമായ നല്കുന്നതിലേക്കുമായി പ്രസ്തുത വിഷയം പെർഫോമൻസ് വിഭാഗത്തിന്റെയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും പ്രത്യേ കൊണ്ടു വരുന്നു.

## 1-12 തനതു വരുമാന വർധനവിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

**1.ട്രേഡ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല**

ഹാജരാക്കിയ ട്രേഡ്സ് ലിസ്റ്റിൽ 2018-19 സാമ്പത്തിക വർഷം വരെയുള മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.ആവശ്യമായ ഫീൽഡ്തല പരിശോധ മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് ട്രേ കാലികമാക്കേണ്ടതും വരുമാനച്ചോർച്ച ഒഴിവാക്കേണ്ടതുമാണ്.

**2.കെട്ടിട നിർമ്മാണങ്ങൾ**

ഗ്രാമപഞ്ചായത്തിന്റെ അറിവോടെയല്ലാതെ നിലവിലുള്ള ക സ്ട്രക്ച്ചറിൽ മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് അതാത് വാർഡ് മെമ്പ സഹകരണത്തോടെ പരിശോധിക്കാവുന്നതും നികുതി വ നിയമാനുസൃത നടപടികൾ സ്വീകരിക്കാവുന്നതുമാണ്

**3.ഫാമുകൾ**

ഗ്രാമപഞ്ചായത്തു പരിധിയിൽ അനധികൃതമായി പ്രവർത്തിക്കു നിയമം അനുശാസിക്കുന്ന മറ്റ് വ്യവസ്ഥകൾ പാലിക്കുന്നവയാണ പഞ്ചായത്ത് രാജ് ലൈവ്സ്റ്റോക്ക് രജിസ്ട്രേഷൻ ചട്ടങ്ങളിൽ നിർദ്ദേശി ഫീസ് ഈടാക്കുന്നതിനും ചട്ടലംഘനത്തിനുള്ള പിഴ ഈടാക്ക നടപടികൾ സ്വീകരിക്കാവുന്നതാണ്.

**4.പട്ടി – പന്നി ലൈസൻസ്**

ലൈസൻസില്ലാതെ വളർത്തു നായകളെ പരിപാലിക്കുന്നുണ്ടെങ്ക ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പിഴ ഈടാക്കുന്നതിനുള്ള നിരക വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ബൈലോ തയ്യാറാക്കി വാങ്ങേണ്ടതും അതു പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടത

## 1-13 റോഡ് റിസ്റ്റൊറേഷൻ ഫീസ്- ഫയൽ പരിശോധ ഹാജരാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം 2019-2( വർഷം റോഡ് റിസ്റ്റൊറേഷൻ ഫീസിനത്തിൽ 48,13,920/- രൂപ വരവ ഡ്രാഫ്റ്റ്സ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളാണ് തുക ഒട

| സ്ഥാപനം | തുക ₹ |
|---|---|
| ജിയോ ഇൻഫോ കോം | 35,91,535 |
| വൊഡാഫോൺ | 2,21,794 |
| കെ എസ് ഇ ബി | 10,00,591 |
| ആകെ | 48,13,920. |

തുക ഒടുക്കിയതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമ രേഖകളും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാ

## 1-14 കുടിശ്ശിക ഡി എ ക്ക് ആനുപാതികമായി പങ്കാള് പെൻഷൻ വിഹിതം ഒടുക്കിയില്ല

G O (P)No. 44/2019/Fin Dt.4.4.2019 പ്രകാരം അനുവദിച്ച 1.1.2018 മുതൽ 31.3.2 ക്ഷാമബത്ത കുടിശ്ശിക, വൗച്ചർ നം. 21900055/12.4.2019 പ്രകാരം ( പിൻവലിച്ച് ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പങ്കാളിത ബാധകമായിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള ജീവനക്കാരിൽ നിന്നും കുടിശ്ശികയുടെ 10 ശതമാനവും,പഞ്ചായത്ത് ഒടുക്കേണ്ടിയിരുന്ന തുല പ്രസ്തുത ജീവനക്കാരുടെ NPS അക്കൗണ്ടിൽ ഒടുക്കിയതായി കാണുന്നില്ല

| ക്രമ നം. | പേര് / തസ്തിക | അനുവദിച്ച ക്ഷാമബത്ത കുടിശ്ശിക ₹ | ഒടുക്കേണ്ട എൻപിഎസ് വിഹിതം പഞ്ചായത്ത് വിഹിതം ഉൾപ്പെടെ ₹ |
|---|---|---|---|
| 1 | വിജിന. കെ. ,ക്ലർക്ക് | 11122 | 1112 +1112=2224 |
| 2 | ഷിനു.പി . ,ക്ലർക്ക് | 9378 | 938 +938=1876 |
| 3 | കവിത.പി.,ക്ലർക്ക് | 5754 | 575 +575=1150 |
| 4 | മുഹമ്മദ് യാഹിയ.ടി.വി,ക്ലർക്ക് | 735 | 74 +74 =148 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/19-20. ത് ലഭ്യമാക്കിയ മറുപടിയിൽ, പ്രസ്തുത തുക ജീവനക്കാരുടെ കെ

അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ടെന്നും, GO(P)No.19/2020/Fin-Dt.27. വരുന്നതിന് മുൻപായതു കൊണ്ടാണ് മുകളിൽ പരാമർശിച്ച ഒടുക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ ഉൾപ്പെട്ട ജീവനക്കാരന്റെ പ്രതിമാസ ശമ്പളവും ക്ഷാമബത്തയും ചേർ 10 ശതമാനവും, തുല്യമായ സർക്കാർ വിഹിതവും ചേർത്ത് പ്രാൺ നിക്ഷേപിക്കണമെന്ന് GO(P)No.20/2013/Fin-Dt.7.1.2013-ൽ സർക്കാർ വ്യക്ത ശമ്പള പരിഷ്കരണ/ക്ഷാമബത്ത കുടിശ്ശികകൾ ശമ്പളത്തിന്റെയും ഡ ഭാഗമായതിനാൽ മറുപടി തൃപ്തികരമല്ല. തുക ജീവനക്കാരുടെ പ്രാൺ അടവാക്കേണ്ടതാണ്.

## 1-15 ഐ.കെ.എം- ന് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 3/20 |
| പ്രൊജക്ടിന്റെ പേര് | ഐ.കെ.എം ന് വിഹിതം നൽകൽ |
| അടങ്കൽ | ₹120638 (വികസന ഫണ്ട്) |
| ചെലവ് | ₹120638 (വികസന ഫണ്ട്) |
| ബിൽ നം/തിയതി/തുക | 7/19-20/30.5.2019 ₹120638 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ചെറുപുഴ ഗ്രാമപഞ്ചായത്ത്. |

2019-20 സാമ്പത്തിക വർഷം ഐ.കെ.എം-ന് അടയ്ക്കേണ്ട വിഹി ₹120638 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.ന്(SBI.A/C.No.57047023512) ന ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യ ഓഡിറ്റ് അന്വേഷണത്തിന് (നം.4/19-20./തീയ്യതി. 6.10.2021.) വിനിയോഗ ഐ കെ എം ൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക അറിയിച്ചിട്ടുണ്ട്. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡ ഒഴിവാക്കേണ്ടതാണ്.

## 1-16 പദ്ധതി രൂപീകരണം,നിർവ്വഹണം,മോണിറ്ററിം പ്രിന്റിംഗ് ചാർജ്ജിനത്തിൽ ₹ 2700 അധികം അനുവദ തിരിച്ചടക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നമ്പർ | 1/20 |
| പ്രൊജക്ടിന്റെ പേര് | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് |
| അടങ്കൽ | ₹200000 (തനത് ഫണ്ട്) |
| ചെലവ് | ₹138675 (തനത് ഫണ്ട്)<br>(പ്രസ്തുത ചെലവ് തുകയിൽ ഉൾപ്പെട്ട ചുവടെ കൊടുത്ത ചെക്ക് നമ്പറിൽ ഉൾപ്പെട്ട തുക.) |